# പേപ്പ ല് സന്ദർശനം

കൈരളി ന്യൂയോർക്ക്

ലോകഗതി കലുഷിതമായ അന്തരീ ക്ഷത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്ന വേളയിൽ പേപ്പൽ സന്ദർശനം വളരെ പ്രാധാന്യം അർഹി ക്കുന്നു . അമേരിക്കയിലെത്തിയ പോപ്പ് ലോകത്തോട് തന്റെ ദൗത്യം അറിയിക്കുന്നതിൽ പൂ ർണ്ണമായി വിജയിച്ചു. വിശ്വാസികൾ അദ്ദേഹത്തെ അഭിനന്ദിക്കുന്നു.

പത്രപ്രതിനിധികളുമായി നടത്തിയ അഭിമുഖത്തിലും തന്റെ ദൗത്യം പൂർണ്ണമായി ഉൾ ക്കൊണ്ടുകൊണ്ടുള്ള അദ്ദേഹ ത്തിന്റെ മറുപടി പലരേയും ആശ്ചര്യപ്പെടുത്തി .
ആദ്ധ്യാത്മി കത ലവലേശം ഇല്ലാത്ത ഒരു പത്ര പ്രവർത്തകൻ ചോദിച്ചു – താങ്കൾ ഇവിടെ താരപ്രഭയിലാണല്ലോ, അത് സഭയ്ക്ക് എത്രമാത്രം ഗുണം ചെയ്യും? മറുപടി ഉടനെ വന്നു –
അത് മീഡിയ ചാർത്തിയ പേരാണ്. മാർപ്പാപ്പാ എന്നാൽ ദാസന്മാരുടെ ദാസനാണ് . നമ്മൾ എത്രയോ താരങ്ങളെ കാണുന്നു . തിളങ്ങി നിൽക്കു ന്നവരും, അല്പം കഴിഞ്ഞു കൊ ഴിഞ്ഞു വീഴുന്നവരും . എന്നാൽ ദാഹന്മാരുടെ ദാസനാകുക എന്ന ദൗത്യം നിർവ്വഹിക്കുമ്പോൾ , അതിന് അവസാനില്ല. എന്നും നിലനിൽക്കും.

ആദ്യമായി അമേരിക്കൻ കോൺ ഗ്രസിനെ അഡ്രസ് ചെയ്യുന്ന പോപ്പ് – ലോകം അഭിമുഖീകരി ക്കുന്ന പ്രശ്നങ്ങൾക്ക് , സ്വതന്ത്ര രാജ്യങ്ങളുടെ ലീഡർ എന്ന നിലയിൽ, കർമ്മോന്മുഖരാകാൻ ആഹ്വനം നൽകിയതിനോ ടൊപ്പം, ഗർഭഛിദ്രം നടത്തുന്ന തിനെപ്പറ്റിയും, സ്വവർഗ രതിയുടെ വൈക്രുതത്തെപ്പറ്റിയും തകർന്നു കൊണ്ടിരിക്കുന്ന കുടുംബ ഭദ്രതയെപ്പറ്റിയും, അമേരിക്ക നൽകിയ ഊഷ്മള സ്വീകരണത്തിൽ മുങ്ങിത്താ ഴാതെ സഭയുടെ കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ട് സംസാരിക്കാന് അദ്ദേഹത്തിനു കഴിഞ്ഞു.

ആഡംബര ഡ്ന്നറികളിൽ പങ്കെടുക്കുന്നതിനു പകരം , അ മേരിക്കയിലെ ജയിൽ സന്ദർ ശിക്കുന്നതിനും , അഗതി മന്ദി രങ്ങൾ സന്ദർശിക്കുന്നതിലും അദ്ദേഹം കൂടുതൽ വ്യപ്രുത നായി ക്കൊണ്ട് ലോകത്തെ മ്പാടുമുള്ള ബിഷപ്പുമാർക്കും, പുരോഹിതർക്കും മാത്രുകയായി .

ഈ മാത്രുക പൂർണ്ണമായും മറ്റു കർദ്ദിനാൾമാർക്കും, ബിഷ പ്പുമാർക്കും, പുരോഹിതർക്കും പ്രവർത്തന പഥത്തിൽ കൊണ്ടു വാരൻ സാധിക്കുമോ? സാധിക്കില്ല എന്നതു തന്നെയാണ് ഉത്തരം. കാരണം മനുഷ്യർ ബലഹീന രാണ് .
കർത്താവിന്റേ ശിഷ്യരീലേക്ക് തിരിഞ്ഞാൽ , പന്ത്ര ണ്ടു പേരും പന്ത്രണ്ട് തര ക്കാരായിരുന്നു. അവസാനം ഞാനിവനെ അറിയില്ല, മുറിപ്പാ ടുകൾ കണ്ടെങ്കിൽ മാത്രമെ വിശ്വസിക്കു എന്നു പറഞ്ഞവ രും അക്കൂട്ടത്തിൽ പെടും . അപ്പോൾ ക്രിസിതുവിന്റെ പാത പിന്തുടരാൻ, തിളങ്ങുന്ന ഉടുപ്പു ധാരികളായ സാദാ മനുഷ്യരിൽ നിന്നും എന്തുമാത്രം പ്രതീക്ഷക്കു വക യുണ്ട് ? .
അതേ സമയം സഭയുടെ ആദി കാല ഹൈരാർക്കീസ് സഭയുടെ പഠനങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് , ആതുരാലയങ്ങൾ , കോളജുകൾ, ആശുപത്രികൾ തുടങ്ങിയവ സ്ഥാപിക്കു ന്നതിലും അജപാലനത്തിൽ ഉറച്ചു നിൽക്കുന്നതിലും ഇതര മതസ്ഥർക്ക് മാത്രുകയായിരുന്നു. മദർ തെരേ സ തന്നെ – വലിയ ഒരു ഉദാഹ രണമാണ് .
ചെവിയുള്ള വൻ കേൾക്കട്ടെ, കണ്ണുള്ളവൻ കാണട്ടെ , എന്ന വാക്യം മനുഷ്യന്റെ സകല പ്രവർത്തികൾക്കും ഉത്തരം നൽകുന്നു. ആ വലിയ പുസ്ത കത്തിൽ ഇതെല്ലാം കുറിച്ചിരി ക്കുന്നു .. വായിച്ചു മനസ്സിലാ കാനുള്ള പ്രാപ്തി ദൈവം എല്ലാവർക്കും നൽകിയിട്ടുണ്ട്. പുരോഹിതരെയും , പിതാക്കന്മാരെയും നമ്പിയുട്ടു കാര്യമില്ല . എന്റേ പിഴ എന്റേ പിഴ , എന്റെ വലിയ പിഴ എന്ന് ഏറ്റുപറയുക
സമാധാനം നിങ്ങളോടുകൂടെ.. . അചഞ്ചല ചിത്തനായ പോപ്പ് നീണാൾ വാഴട്ടെ .
നന്ദി നമസ്ക്കാരം .

# മോദിയുടെഅമേരിക്കൻ സന്ദർശനം

ഈ തവണയും ആ പരാതി വായിക്കാനിടയായി . മോദിക്ക് അമേരിക്കയിൽ യാതൊരു സ്വീകരണവും ലഭിച്ചില്ല, പ്രസി ഡനന്റ് ഒബാമ ഇൻഡ്യയിൽ എത്തിയപ്പോൾ പ്രധാനമന്ത്രി തന്നെ അദ്ദേഹത്തെ സ്വീകരി ക്കാൻ വിമാനത്താവളത്തിൽ എത്തി . അദ്ദേഹം യാത്ര അയ ക്കാൻ നേരവും പ്രധാനമന്ത്രി വിമനാത്താവളത്തിലെത്തിയിരു ന്നു. .

റിപ്പോർട്ട് എഴുതുന്ന, അല്ലെ ങ്കിൽ ഈ വിഷയം ചർച്ച ചെയ്യുന്ന പത്രപ്രവർത്തകർ ഒന്നു മനസ്സിലാക്കണം. പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിലേയ്ക്കല്ല വന്നത് . യുണൈറ്റഡ് നേഷൻസിലേ ക്കാണ് വന്നത് . ഇവിടെ ഇരുന്നൂറിനടുത്ത് രാജ്യങ്ങളുടെ പ്രതിനിധികൾ എല്ലാവർഷവും സെപ്റ്റംബർ അവസാനം തങ്ങളുടെ വെക്കേഷൻ ആഘോഷിക്കാൻ യുണൈറ്റട് നേഷൻസിൽ ഒത്തുകൂടും . അവരെ എല്ലാം സ്വീകരിക്കാൻ അമേരിക്കൻ പ്രസിഡന്റിനു സാധിക്കുമോ?

മറ്റൊരു കംപ്ലേയ്ന്റ് – പോപ്പ് വന്നു. അദ്ദേഹത്തെ സ്വീകരി ക്കാൻ വൈറ്റ് ഹൗസ് തയ്യാറായി മാധ്യമങ്ങൾ വെണ്ടക്കാ മുഴുപ്പില് പേപ്പൽ സന്ദർശനം പത്ര താളുകളിൽ നിറച്ചു . എന്നാൽ മോദിക്ക് യാതൊന്നും ലഭിച്ചില്ല.

അമേരി ക്കയെ സംബന്ധിച്ചിടത്തോളം കത്തോ ലിക്കരുടെ എണ്ണം എഴുപതു മില്ല്യനെ ഉള്ളു വെങ്കിലും , അമേരിക്ക ഒരു ക്രിസ്ത്യൻ രാജ്യമാണ്. പ്രശ്നോന്മുഖമായ ജീവിത രീതി കൈമുതലാക്കിയിരിക്കുന്ന വിശ്വാസികൾ അൽപം സാന്ത്വനത്തിന്റെ തലോടലിനു വേണ്ടി , അദ്ദേഹത്തി ന്റെ വരവിനു പ്രാധാന്യം നൽകും . അതിനു പിന്നാലെ മാധ്യമ പട പോയിരിക്കും. ആ പ്രവണതയെ വ്യാഖ്യനിച്ചിട്ടു കാര്യമില്ല. അതേസമയം മറ്റു മതസ്ഥർക്ക് അവരവരുടെ പ്രാർത്ഥനാലയങ്ങൾ സ്ഥാപി ക്കുന്നതിലും, തങ്ങളുടെ മതാനുഷ്ഠാനങ്ങൾ നടത്തുന്ന തിനുമുള്ള സ്വാതന്ത്ര്യം ഈ രാ ജ്യം ഉറപ്പുനൽകുന്നു. അതായത് ഇൻഡ്യൻ ഭരണഘടന അനു ശാസിക്കും പോലെ തേതരത്വത്തിന് ഇവിടെ യും പ്രാധാന്യം നൽകുന്നു.

മറ്റൊരു കംപ്ലെയ്ന്റ് –
ചൈനക്ക് കൂടുതൽ പ്രാധാന്യം നകുന്നു . അതിനും പ്രത്യേക കാരണമുണ്ട് .
ചൈന യുണൈറ്റട് നേഷൻസി ലേക്ക് യാത്രതിരിക്കും മുമ്പേ , ബോയിംഗ് വിമാനം വാങ്ങിക്കുന്നതിനു വേണ്ടി 300 ബില്യന്റെ കരാർ ഉറപ്പു വരുത്തിയിട്ടാണ് വന്നത് . ചൈനക്ക് സ്വീകരണം നൽകി യതിൽ തെറ്റുണ്ടടോ?

കുഞ്ചൻ നമ്പ്യാരുടെ ചൊല്ലാണ് ഇവിടെ പ്രസക്തം– *ജീവസ്തംഭം മഹാശ്ചര്യം –നമുക്കും കിട്ടണം പണം * !!

എല്ലാവർഷവും സെപ്റ്റം ബറി ൽ പ്രധാനമന്ത്രിയും പരിവാരങ്ങളും അമേരിക്കയിലെത്തിയിട്ടു കാര്യമുണ്ടോ? ഇതുവഴി എന്തെങ്കിലും പ്രത്യേക കാര്യസാധ്യതയുണ്ടോ? സെക്യൂരിറ്റി കൗൺസിലിൽ ഇൻഡ്യക്ക് പ്രാതിനിധ്യം കിട്ടുക ഒരു ദിവാസ്വപ്നം മാത്രമായിരിക്കെ, കോടികൾ ചെലവഴിച്ച് , കോൺഗ്രസ് സർക്കാരിന്റെ പാ ത , ബിജെപിയും പിന്തുടരുന്നതിൽ എന്ത് സാങ്കത്യം?
ഇൻഡ്യയെ പ്രിതിനിധാനം ചെയ്യാൻ , ഇൻഡ്യയുടെ അംബാസിഡർ , അല്ലെങ്കിൽ , യുണൈറ്റട് നേഷൻസിലെ ഇൻഡ്യയുടെ പ്രതിനിധി, ഇവരെല്ലാം ധാരാളം ..

ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഒരുത്തരേയും ഭയപ്പെടേണ്ട കാര്യമില്ല . കാരണം ജനസംഖ്യയുടെ ഭൂരിഭാഗം ഭാഗം ദരിദ്രരാണ് . ഇതിൽ അതിലധികം എന്തു സംഭവിക്കാൻ ?

കാഷ്മീർ പ്രശ്നം പല ആവർത്തി യുഎന്നിൽ അവത രിപ്പിച്ചു കഴിഞ്ഞു . അതിൽ കൂ ടുതൽ ഒന്നും ഇനി പറയാനില്ല. ഈ ചുറ്റുപാടിൽ ഇൻഡ്യൻ പ്ര ധാനമന്ത്രി അമേരിക്കയിലെ പട്ടേലന്മാരുടെ ചോല മട്ടൂര കഴി ക്കാൻ ഇറങ്ങിത്തിരിക്കുന്നതില് ഇവിടുത്തെ ഇൻഡ്യാക്കാർക്ക് കടുത്ത നിരാശ യുണ്ടെന്നുള്ളതും മനസ്സിലാ ക്കണം. ലക്ഷ്യബോധമില്ലാതെ ഖജനാവ് കാലിയാക്കുന്ന ഈ
ഇടിയൻ സർക്കീട്ട്
ഇനിയെങ്കിലും അവസാനിപ്പി ക്കുക . അതാണുത്തമം.
ജയ് ഹിന്ദ് .